കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - ശ്രീമതി.അനിത സൂസൻ അലക്സ് ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച WP(C) No.28427/2018 നമ്പർ റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതിയുടെ 28/09/2018 ലെ വിധി ന്യായം-നടപ്പിലാക്കൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം. 930/2019/തസ്വഭവ തിരുവനന്തപുരം,തീയതി: 03.05.2019.

---

പരാമർശം : 1) ബഹു. ഹൈക്കോടതിയുടെ WP(C)നമ്പർ -28427/2018 ൽ പുറപ്പെടുവിച്ച 28/09/2018 ലെ വിധി ന്യായം.
2) പഞ്ചായത്ത് ഡയറക്ടറുടെ 16.01.2019 ലെ PAN/27723/2018-J3(DP)നമ്പർ കത്ത്.
3) കറുകാച്ചൽ ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ 20.02.2019 ലെ B/1504/2019 നമ്പർ കത്ത്.
4) വെള്ളാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.02.2019 ലെ A 2/1700/18 നമ്പർ കത്ത്.

<u>ഉത്തരവ്</u>

വെള്ളാവൂർ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തെ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർവഹണ ചുമതലയിൽ നിന്നും ഒഴിവാക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടു മണിമല ഗവ. യു.പി.സ്കൂൾ പ്രധാന അദ്ധ്യാപികയായിരുന്ന ശ്രീമതി.അനിത സൂസൻ അലക്സ് ബഹു. ഹൈക്കോടതിയിൽ WP(C) No. 28427/2018 നമ്പറായി സമർപ്പിച്ച റിട്ട് ഹർജിയിൽ, ഹൈക്കോടതി 28/09/2018 തീയതിയിൽ പുറപ്പെടുവിച്ച വിധി ന്യായത്തിൽ പരാതിക്കാരി Exhibit P 5 ആയി സമർപ്പിച്ച അപേക്ഷയിന്മേൽ പരാതിക്കാരിയെ നേരിൽ കേട്ട് തീർപ്പ് കല്പിക്കുന്നതിനു ഉത്തരവാകുകയുണ്ടായി.വെള്ളാവൂർ ഗ്രാമപഞ്ചായത്തി ന്റെ 10.8.2018 തീയതിയിലെ തീരുമാനം റദ്ദ് ചെയ്യണം എന്നതാണ് Exhibit P 5 നിവേദനത്തിലെ പരാതിക്കാരിയുടെ ആവശ്യം.

2) ബഹു.ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പരാതിക്കാരിയെയും ബന്ധപ്പെട്ടവരെയും നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട അവസ്സരത്തിൽ താഴെ പറയുന്ന കാര്യങ്ങളാണ് പരാതിക്കാരി ഉന്നയിച്ചത് .

എ) സെക്ഷൻ 27 വിദ്യാഭ്യാസ അവകാശ നിയമം 2008 ന്റെ അന്തസത്തയ്ക്ക് വിരുദ്ധമാണ് തന്നെ ഈ ചുമതല ഏല്പിച്ചതെന്നും ആയതിനാൽ പരാതിക്കാരിയെ വിദ്യാഭ്യാസ മേഖലയിലെ പദ്ധതികളുടെ നിർവഹണ ഉദ്യോഗസ്ഥയായി നിലനിറുത്തിക്കൊണ്ടുള്ള പഞ്ചായത്തിന്റെ 10.08.2018 ലെ തീരുമാനം ( എക്സിബിറ്റ് P 4) റദ്ദ് ചെയ്യണം.

ബി) സെക്ഷൻ 27 പ്രകാരമുള്ള അദ്ധ്യാപകരുടെ ചുമതലകളിൽ ഇത് ഉൾപ്പെടുന്നില്ല .

സി) വിദ്യാഭ്യാസ മേഖലകളിലെ വിവിധ പ്രൊജെക്ടുകളെ കോ-ഓർഡിനേറ്റ് ചെയ്യുക എന്നുള്ളത് പഞ്ചായത്തിന്റെയും പഞ്ചായത്തു സെക്രട്ടറിയുടെയും ചുമതലയാണ് .ആ ചുമതല മറ്റുള്ളവർക്ക് വീതിച്ചു നൽകുവാൻ സാധിക്കില്ല .

ഡി) എക്സിബിറ്റ് P4 തീരുമാനം കൈകൊണ്ടിട്ടുള്ളത് പരാതിക്കാരിയെ നേരിൽ കേൾക്കാതെയാണ് .

ഇ) പരാതിക്കാരിക്ക് മേൽ ചുമതല ഏറ്റെടുക്കുന്നതിന് ആരോഗ്യപരമായ പരിമിതികൾ ഉണ്ട്.

3) 29.01.2018 ലെ സർക്കാർ ഉത്തരവ്(എം.എസ്)നം.11/2018/തസ്വഭവ പ്രകാരം വിദ്യാഭ്യാസ മേഖലയിലെ പദ്ധതികളുടെ നിർവഹണം ഗവ.എൽ.പി.ഹെഡ്മിസ്ട്രസ് /ഹെഡ് മാസ്റ്റർമാരായിരിക്കും നിർവഹിക്കേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നും വെള്ളാവൂർ ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന എസ്.സി / എസ്.റ്റി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ആനുകല്യങ്ങൾ നല്കുന്നതുൾപ്പെടെയുള്ളവയ്ക്കായി 664000/ രൂപ അടങ്കൽ തുക വരുന്ന നാല് പദ്ധതികൾ ഉണ്ടായിരുന്നു എന്നും പദ്ധതി നിർവഹണം തടസപ്പെടാതിരിക്കുന്നതിനും വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനും 30.06.2018 ൽ കൂടിയ കമ്മിറ്റി പ്രകാരം, കുടുംബപരമായ പ്രശ്നങ്ങൾ ഉള്ളതിനാൽ ഒഴിവാക്കണമെന്ന് നിർവഹണ ചുമതല വഹിച്ചിരുന്ന ഗവ. യു.പി. താഴും വടകര സ്കൂളിന്റെ പ്രധാന അദ്ധ്യാപികയായിരുന്ന ശ്രീമതി.സുജ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ടി ചുമതലയിൽ നിന്നും ശ്രീമതി.സുജയെ ഒഴിവാക്കികൊണ്ടും ,മണിമല ഗവ. യു.പി. സ്കൂൾ പ്രധാന അദ്ധ്യാപികയായിരുന്ന ശ്രീമതി. അനിത സൂസൻ അലക്സിനെ നിയമിക്കുന്നതിനു തീരുമാനിച്ചു കൊണ്ടും പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുക്കുകയും ആയതു പരാതിക്കാരിയെ അറിയിച്ചു എങ്കിലും മൂന്നാം ക്ലാസ്സിലെ കുട്ടികളുടെ പഠനം ബുദ്ധിമുട്ടാകുമെന്നതിനാൽ കുട്ടികളെ പഠിപ്പിക്കാൻ പകരം സംവിധാനം ഉണ്ടാക്കാതെ മേൽ ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിന് സാധിക്കില്ല എന്ന് പരാതിക്കാരി ഗ്രാമപഞ്ചായത്തിനെ അറിയിക്കുകയും, ഗ്രാമപഞ്ചായത്തു കമ്മിറ്റിയുടെ തീരുമാനം അറിയിച്ചു ആഴ്ചകൾക്കു ശേഷവും പരാതിക്കാരി സ്ഥാനം ഏറ്റെടുക്കുകയോ പഴയ നിർവഹണ ഉദ്യോഗസ്ഥനിൽനിന്നും ബന്ധപ്പെട്ട ഫയലുകളും ബിൽ ബുക്കുകളും കൈപ്പറ്റുകയോ ചെയ്യാതിരുന്നാൽ തുടർ നടപടി സ്വീകരിക്കുന്നതിന് ആയി കോട്ടയം ജില്ലാ കളക്ടർക്കും , ജില്ലാ ഉപ വിദ്യാഭ്യാസ ഡയറക്ടറോടും ഗ്രാമപഞ്ചായത്തു പ്രസിഡന്റ് അറിയിപ്പ് നൽകുകയും എന്നാൽ പരാതിക്കാരി ഗ്രാമപഞ്ചായത്തു തീരുമാനത്തിനെതിരെ ഹൈകോടതിയിൽ റിട്ട് ഹർജി നൽകുകയാണുണ്ടായത് എന്നും സെക്ഷൻ 27 വിദ്യാഭ്യാസ അവകാശ നിയമം 2008 പ്രകാരം ' no teacher shall be deployed for non educational purpose ' എന്ന് പ്രതിപാദിച്ചിട്ടുണ്ട് എങ്കിലും അധ്യായം 3 റൂൾ 9 പ്രകാരം പ്രാദേശിക അധികാരികൾക്കു ടി ആക്ട് പ്രകാരം സ്റ്റാറ്റ്യൂട്ടറി അധികാരം നൽകിയിരിക്കുന്നു എന്നും എന്നാൽ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം അതാതു പ്രദേശത്തു ഉറപ്പാക്കുന്നതിനുള്ള ചുമതല പ്രാദേശിക അധികാരികൾക്കാണ് എന്നും പദ്ധതി നിർവഹണം വിദ്യാഭ്യാസ കാര്യങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ളതിനാൽ ആക്ടിന്റെ അനുപൂരകമായി മാത്രം ഈ വ്യവസ്ഥ സ്വീകരിച്ചാൽ മതിയാകും എന്നും ആയതിനാൽ അക്കാദമിക് പ്രവർത്തനങ്ങളെ ബാധിക്കാതെ അനുപൂരകമായി മാത്രമാണ് ഈ പ്രവൃത്തി നടന്നു വരുന്നത് എന്നും പഞ്ചായത്തു ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി .

4) കറുകച്ചാൽ ഉപ ജില്ലയുടെ പരിധിയിലുള്ള ആറ് ഗ്രാമപഞ്ചായത്തുകളിലും ആറ് പ്രൈമറി പ്രഥമാധ്യാപകർ പദ്ധതി നിർവഹണ ചുമതല കാര്യക്ഷമമായി നിർവഹിച്ചുവരുന്നു എന്നും ഇക്കാര്യത്തിൽ പരാതിക്കാരിയായ അനിത സൂസൻ അലക്സ് മാത്രമാണ് വിമുഖത കാണിച്ചിട്ടുള്ളത് എന്നും ഇത് സംബന്ധിച്ച് മണിമല ഗവ. യു.പി. സ്കൂൾ പി.ടി.എ.യുടെ പേരിൽ ഒരു പരാതി ലഭിക്കുകയും സ്കൂൾ പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിൽ നിർവഹണം നിറവേറ്റണം എന്ന് നിർദേശം നല്കിയിട്ടുള്ളതാണെന്നും നിർവഹണ ഉദ്യോഗസ്ഥയ്ക്കും ചുമതല ഏറ്റെടുക്കുന്നതിന് കർശന നിർദേശം നൽകിയെങ്കിലും പരാതിക്കാരി ആയതു അവഗണിക്കുകയാണ് ചെയ്തത് എന്നും വെള്ളാവൂർ ഗ്രാമപഞ്ചായത്ത് ഓഫീസുമായി ഏറെ അടുത്ത് സ്ഥിതി ചെയ്യുന്ന സ്കൂൾ, ഗവ. എൽ.പി.എസ്. മണിമല ആയതിനാലാണ് പ്രസ്തുത സ്കൂൾ ഹെഡ്മിസ്ട്രസ്സിനെ നിർവഹണ ചുമതല ഏല്പിച്ചിരുന്നത് എന്നും കറുകാച്ചൽ ഉപജില്ല വിദ്യാഭ്യാസ ആഫീസർ അറിയിക്കുകയുണ്ടായി .

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം അതാതു പ്രദേശത്തു ഉറപ്പാക്കുന്നതിനുള്ള ചുമതല പ്രാദേശിക അധികാരികൾക്കാണ് എന്നും പദ്ധതി നിർവഹണം വിദ്യാഭ്യാസ കാര്യങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ളതിനാൽ ആക്ടിന്റെ അനുപൂരകമായി മാത്രം ഈ വ്യവസ്ഥ സ്വീകരിച്ചാൽ മതിയാകും എന്നും ആയതിനാൽ അക്കാദമിക് പ്രവർത്തനങ്ങളെ ബാധിക്കാതെ അനുപൂരകമായി മാത്രമാണ് ഈ പ്രവൃത്തി നടന്നു വരുന്നത് എന്നുമുള്ള പഞ്ചായത്തു ഡയറക്ടറുടെ റിപ്പോർട്ടിലെ വസ്തുതകൾ അംഗീകരിക്കത്തക്കതാണ്.പഞ്ചായത്തിലെ വിദ്യാഭ്യാസ

കാര്യങ്ങളുടെ നിർവഹണ ചുമതല സ്ഥലത്തെ പ്രൈമറി സ്കൂളിലെ പ്രധാന അദ്ധ്യാപകരെ ഏൽപ്പിക്കുന്നതുമൂലം എന്തെങ്കിലും ബുദ്ധിമുട്ട് വരുന്നതായി മറ്റു പരാതികളൊന്നും അദ്ധ്യാപകരിൽ നിന്നു ലഭിച്ചിട്ടില്ല .സ്കൂൾ സമയം കഴിഞ്ഞുള്ള സമയങ്ങളിലും സ്കൂളിന് അവധിയുള്ള ദിവസങ്ങളിലും ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ നിർവഹണ ഉദ്യോഗസ്ഥർക്ക് ഏർപ്പെടാവുന്നതിനാൽ നിർവഹണ ചുമതല വഹിക്കുന്നത് കൊണ്ട് സ്കൂളിന്റെ നടത്തിപ്പിനു കൂടുതൽ ബുദ്ധിമുട്ട് ഉണ്ടാകുമെന്നും തോന്നുന്നില്ല.വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടവരെ ടി മേഖലയിലെ നിർവഹണ ഉദ്യോഗസ്ഥരായി നിയമിച്ചാൽ പ്രസ്തുത പദ്ധതികൾ കൂടുതൽ ഫലവത്തായി നടപ്പിലാക്കുവാൻ സാധിക്കും. പരാതിയിൽ ഉന്നയിച്ച പോലെ എന്തെങ്കിലും രോഗമുള്ളതായി തെളിയിക്കുന്ന രേഖകൾ ഒന്നും പരാതിക്കാരി, നേരിൽ കേട്ട അവസരത്തിൽ ഹാജരാക്കുകയുണ്ടായില്ല.ആയതിനാൽ പരാതിക്കാരിക്കു ആരോഗ്യ പ്രശ്നങ്ങൾ ഉള്ളതായും തോന്നുന്നില്ല. പദ്ധതി നിർവഹണം സമയബന്ധിതമായി തീർക്കേണ്ട പ്രവൃത്തിയാണ്. അത് യഥാസമയം പൂർത്തീകരിച്ചില്ലെങ്കിൽ പദ്ധതി പണം പാഴാവുകയും ആവശ്യമുള്ളവർക്ക് വേണ്ട സഹായം ലഭിക്കാതെയും ഇടവരും. പരാതിക്കാരിയുടെ സ്കൂളിൽ ആകെ 26 കുട്ടികളും മൂന്നാം ക്ലാസ്സിൽ ആകെ 6 കുട്ടികളും മാത്രം ഉള്ളതായിട്ടാണ് ഹിയറിങ് വേളയിൽ മനസിലാക്കുവാൻ സാധിച്ചത്. ഈ സാചര്യത്തിൽ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർവഹണം കൂടതൽ വിദ്യാർഥികൾ ഇല്ലാത്തതും(പഞ്ചായത്തിലെ മറ്റു സ്കൂളുകളിൽ എല്ലാം കൂടുതൽ വിദ്യാർഥികൾ ഉള്ളതായിട്ടാണ് ഹിയറിങ് വേളയിൽ പഞ്ചായത്ത് അധികൃതർ വെളിപ്പെടുത്തിയത്) പഞ്ചായത്തിന് സമീപത്തു സ്ഥിചെയ്യുന്നതുമായ സ്കൂളിലെ ഹെഡ്മിസ്ട്രസ്സിനെ ചുമതല ഏല്പിച്ച വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ തീരുമാനത്തിൽ തെറ്റില്ല. ഈ സാഹചര്യത്തിൽ പരാതിക്കാരിയുടെ Exhibit P5 അപേക്ഷയിലെ ആവശ്യം നിരസിച്ചു കൊണ്ടും മേൽ പ്രകാരം പരാമർശം 1 ലെ ബഹു. ഹൈക്കോടതിയുടെ വിധി ന്യായം പാലിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ(കേരള ),എറണാകുളം.(ഉപരിപത്രം സഹിതം)
പ്രസിഡന്റ് ,വെള്ളാവൂർ ഗ്രാമപഞ്ചായത്ത്,മണിമല പി.ഒ , കോട്ടയം -686543.
ഉപജില്ല വിദ്യാഭ്യാസ ഓഫീസർ,കറുകച്ചാൽ PIN- 686540.
Smt. Anitha Susan Alex, W.O.Varghese Mathew, Vadakeparambil House, Nedungadappally P.O,Pathanamthitta- 686545.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ